# ഗ്രാമീൺ കൃഷി മൗസം സേവാ

## കാർഷിക കാലാവസ്ഥ ബുള്ളറ്റിൻ,ഇടുക്കിജില്ല

എ.എ.ബി ബുള്ളറ്റിൻ നമ്പർ.:18/ 2025-2026 | ദിവസം&തീയ്യതി: ചൊവ്വാഴ്ച്ച, 04.03.2025

| കഴിഞ്ഞ വാരത്തിലെ സംക്ഷിപ്ത കാലാവസ്ഥ (Dated 25.02.25 to 03.03.25) | | | | | | | കാലാവസ്ഥാഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം: (Valid for 05.03.25 to 09.03.2025) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 25/02 | 26/02 | 27/02 | 28/02 | 01/03 | 02/03 | 03/03 | തീയ്യതി | 05/03 | 06/03 | 07/03 | 08/03 | 09/03 |
| 0 | 0 | 0 | 0 | 0.4 | 3 | 0 | മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0.1 | 0.1 |
| 22.7 | 22.3 | 22 | 23 | 23 | 22.2 | 23 | ഉയർന്ന താപനില ($^oC$) | 32 | 32 | 32 | 32 | 32 |
| 19.5 | 19 | 19 | 20 | 20 | 19 | 20 | കുറഞ്ഞ താപനില($^oC$) | 21 | 21 | 21 | 21 | 21 |
| 63 | 76 | 84 | 77 | 80 | 83 | 84 | കൂടിയഅന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| | | | | | | | കുറഞ്ഞഅന്തരീക്ഷ ആർദ്രത (%) | 45 | 45 | 45 | 45 | 45 |
| | | | | | | | കാറ്റിന്റെവേഗത(കിലോ മീറ്റർ/മണിക്കൂർ) | 3 | 3 | 3 | 3 | 5 |
| SEN | EEN | SSE | SEN | ENW | SEN | SSE | കാറ്റിന്റെദിശ(ഡിഗ്രി | 50 | 90 | 90 | 140 | 90 |
| 7 | 7 | 7 | 7 | 7 | 7 | 7 | മേഘവ്യാപ്തി(ഒക്ട) | 7 | 4 | 4 | 5 | 6 |

**കാർഷിക കാലാവസ്ഥാ മുന്നറിയിപ്പുകൾ:** ഉയർന്ന അന്തരീക്ഷ താപനിലയും കുറഞ്ഞ ആർദ്രദയും മൂലം ബാഷ്പപീകരണ നിരക്ക് വളരെ കൂടുതലാണ് . പരമാവധി മണ്ണിൽ പുതയിടുകയും ജലസേചനം നൽകുകയും ചെയ്യുക നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രത നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു .

| വിളകൾ | കാർഷിക/മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|
| തെങ്ങ് | പുതയിടുക . ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി, ചെന്നീരൊലിപ്പ് മുതലായ കീട-രോഗ ആക്രമണങ്ങൾക്കെതിരെ കർഷകർ ജാഗ്രത പാലിക്കേണ്ടതാണ്. ജലസേചനം നടത്തുന്ന തേട്ടങ്ങളിൽ, തെങ്ങോന്നിന് 500 ഗ്രാം യൂറിയ, 400 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 500 ഗ്രാം പൊട്ടാഷ് എന്ന തോതിൽ വളപ്രയോഗം നടത്താവുന്നതാണ്. ചെന്നീരൊലിപ്പ് ബാധിച്ച തെങ്ങുകളിൽ രോഗം ബാധിച്ച ഭാഗം ചെത്തിക്കളഞ്ഞ് കൊൾടാർ തേച്ചുപിടിപ്പിക്കേണ്ടതാണ്. |
| കമുക് | സൂര്യാഘാതം തടയുന്നതിനായി കമുകിൻ തടിയിൽ വെള്ള പൂശുകയോ കമുകിൻ പോളകൾ കൊണ്ട് പൊതിയുകയോ ചെയ്യണം. തോട്ടങ്ങളിൽ ജലസേചനം നടത്തേണ്ടതാണ്.കമുകിൻെറ വിളയെടുപ്പു കാലം തുടരുകയാണ്. മഹാളി രോഗം തടയുന്നതിനായി 1% വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിൽ തളിക്കെണ്ടതാണ്. |
| കുരുമുളക് | കുരുമുളകിന് പുതയിടുക. ദ്രുതവാട്ടത്തെ ചെറുക്കുവാൻ 1% വീര്യമുള്ള ബോർഡോ മിശ്രിതം/കോപ്പർ ഓക്സിക്ലോറൈഡ് നാലു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ തടത്തിൽ ഒഴിച്ചു കൊടുക്കുക. തുടർന്ന് രണ്ടാഴ്ച കഴിഞ്ഞ് ട്രൈക്കോഡെർമ കൾച്ചർ വേപ്പിൻ പിണ്ണാക്കിൽ കൂട്ടികലർത്തി തടത്തിൽ ചേർക്കാം. തടത്തിൽ പുതയിടുന്നത് ദ്രുതവാട്ടത്തിൻെറ കുമിളുകൾ മണ്ണിൽ നിന്ന് തണ്ടിൽ എത്തുന്നത് തടയും. |
| വാഴ | നാലുമാസം പ്രായമായ വാഴകൾക്ക് വാഴ ഒന്നിന് 100 ഗ്രാം യൂറിയ എന്ന തോതിൽ വളപ്രയോഗം നടത്തേണ്ടതാണ്. ഇലപ്പുള്ളി രോഗം തടയുന്നതിനുവേണ്ടി സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ 20 ഗ്രാം എന്ന തോതിൽ തളിക്കേണ്ടതും രോഗം ആരംഭിച്ച വാഴകൾക്ക് 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കേണ്ടതുമാണ്. തോട്ടം വൃത്തിയായി സൂക്ഷിക്കുക. കർഷകർ പിണ്ടിപ്പുഴുവിനെതിരെ ജാഗ്രത പാലിക്കേണ്ടതാണ്.. . |
| ഇഞ്ചി | ഇഞ്ചി വിളവെടുപ്പിന് പകകമായി വരുകയാണ്. ചുക്കിനുള്ള ഇഞ്ചിയ്ക്ക് വിശേഷിച്ച് ഒന്നും ചെയ്യേണ്ടതില്ല. |
| ഏലം | ഏലപ്പേനിൻെറ ആക്രമണം ഉണ്ടാകാൻ സാധ്യതയുണ്ട്. അഴുകൽ രോഗത്തെ പ്രതിരോധിക്കാൻ ബോർഡോമിശ്രിതം 500-1000 മില്ലി/ഒരു മൂടിന് എന്ന തോതിൽ തളിക്കണം. തണ്ട്/പൂക്കുല തുരപ്പനെതിരെ ജാഗ്രത പാലിക്കുക. കടചീയൽ രോഗത്തെ ചെറുക്കുവാൻ ട്രൈക്കോഡേർമ, സ്യൂഡോമോണാസ് കൾചറുകൾ ഉപയോഗിക്കുക. കൃഷിയിടം കളവിമുക്തമാക്കി സൂക്ഷിക്കുക. |

| | |
|---|---|
| | ഏലപ്പേനിനെതിരേ ജാഗ്രത പാലിക്കുക. |
| **കാപ്പി** | പൂക്കുന്നതിനായുള്ള ജലസേചനം ചെയ്യുകയും വളപ്രയോഗം നടത്തുകയും ചെയ്യുക . മണ്ണ് പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ മണ്ണിന്റെ പി .എച്ച് ശരിയാക്കുന്നതിനായി കുമ്മായം ചെയ്യുക. |
| **മൃഗ സംരക്ഷണം** | കഠിനമായ ചൂടിൽ നിന്നും മൃഗങ്ങളെ സംരക്ഷിക്കാൻ പരമാവധി വായുസഞ്ചാരവും തണുപ്പുമുള്ള തൊഴുത്തുകൾ ക്രമീകരിക്കുക. |
| **പ്രാദേശികകാർഷികഗവേഷണകേന്ദ്രം അമ്പലവയലും ഭാരതീയ കാലാവസ്ഥാവകുപ്പും സംയുക്തമായിഭാരതീയ കാലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്** | |

നോഡൽ ഓഫീസർ

**AMFU**, അമ്പലവയൽ